# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3839 15.03.2017 ലെ മറുപടിക്ക്

## കയർ വ്യവസായം സംരക്ഷിക്കുന്നതിന് പദ്ധതികൾ

**ചോദ്യം**
ശ്രീ.സി. ദിവാകരൻ

**ഉത്തരം**
ഡോ. ടി.എം.തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുമോ; | എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനികരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുനഃസംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എന്നിവ ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേതനവും സംരക്ഷിക്കുന്നതിനുള്ള സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. |
| ബി) നിർജ്ജീവമായ കയർ സഹകരണ സംഘങ്ങൾ വീണ്ടും പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | ബി) പ്രവർത്തനരഹിതമായ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി ഒരു രണ്ടാം കയർ പുനഃസംഘടനാ പരിപാടി നടപ്പിലാക്കുന്നതാണ്. സാങ്കേതിക നവീകരണവും സമഗ്ര പുനഃസംഘടനയുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി എൻ.സി.ഡി.സി സഹായത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത് |
| സി) പുതിയ സംരംഭകരെയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളെയും കയർ മേഖലയിലേക്ക് ആകർഷിക്കാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ആധുനീകരണം ലക്ഷ്യംവയ്ക്കുന്നത് പുതിയ തലമുറയെ വ്യവസായത്തിലേയ്ക്ക് ആകർഷിക്കുന്നതിനാണ്. പുതിയ സംരംഭകരെയും അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെയും കയർ മേഖലയിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ 2017-18-ലെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 90%, സ്വയം സഹായ സംഘങ്ങൾക്ക് 75%, സ്വകാര്യ വ്യക്തികൾക്ക് 50% എന്ന നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ സബ്സിഡിയോടുകൂടി അനുവദിക്കും. |

സെക്ഷൻ ഓഫീസർ